Malappuram District Police

# 28.06.2017 പെരിന്തൽമണ്ണ

തിരുവന്തപുരത്ത് നിന്നും താമരശ്ശേരിയിലേക്ക് പോകുകയായിരുന്ന കെഎസ്ആർടിസി ബസ് സൈഡ് കൊടുത്തില്ലെന്ന് പറഞ്ഞ് പെരിന്തൽമണ്ണ കുന്നപ്പള്ളിയിൽ വച്ച് പ്രതികള് സഞ്ചരിച്ചിരുന്ന കാര് റോഡിന് കുറുകെ നിർത്തി കെഎസ്ആർടിസി ബസ് തടഞ്ഞ് ഡ്രൈവറെ മർദ്ദിച്ച കേസിൽ നാലു പേര് അറസ്റ്റിൽ.

പെരിന്തൽമണ്ണ കുന്നപള്ളി സ്വദേശികളായ കണ്ണംതൊടി അഷ്റഫ് മകന് ഷക്കീൽ (22), പാച്ചീരി അബ്ദുറഹിമാൻ മകന് മുഹമ്മദ് ഫാസിൽ (22), പള്ളിപ്പുറത്ത് അബ്ദുള്ള മകൻ ആഷിഖ് (23), കൊണ്ടപ്പുറത്ത് ഹംസ മകൻ സാബിത് (23) എന്നിവരെയാണ് അറസ്റ്റ് ചെയ്തത്. പ്രതികളെ കോടതിയിൽ ഹാജരാക്കി. അഡീഷണൽ എസ്ഐ-മാരായ സുരേന്ദ്രൻ, വേലായുധന് എന്നിവർക്കുപുറമെ സിപിഒ-മാരായ ഷാജി, ജയൻ, പ്രമോദ്, വിപിൻ ചന്ദ്രന്, സുമേഷ് എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്.